കേരള സർവകലാശാല

Re-accredited by NAAC with A++ GRADE

നം. പി.ആർ. **240/2026** തീയതി : **16/11/2026**

പത്രക്കുറിപ്പ്

പരീക്ഷ മാറ്റിവച്ചു

കേരള സർവകലാശാല 2026 നവംബർ 18 ന് നടത്താനിരുന്ന അഞ്ചാം സെമസ്റ്റർ FYUGP നവംബർ 2026 പരീക്ഷകൾ 2026 നവംബർ 30 ലേക്ക് മാറ്റിവച്ചിരിക്കുന്നു. പരീക്ഷാ കേന്ദ്രങ്ങൾക്കും സമയത്തിനും മാറ്റമില്ല.

പരീക്ഷാഫലം

കേരള സർവകലാശാല 2026 ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ എംഎ ഇംഗ്ലീഷ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ, എംഎ ഇക്കണോമിക്സ് (റെഗുലർ, ഇംപ്രൂവ്മെന്റ് & സപ്ലിമെന്ററി), എംഎ മലയാളം ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ (സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് 2026 നവംബർ 22 വരെ **www.slcm.keralauniversity.ac.in** മുഖേന ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

ഡിപ്ലോമ ഇൻ കമ്മ്യൂണിക്കേറ്റീവ് അറബിക് അപേക്ഷാ തീയതി ദീർഘിപ്പിച്ചു

കേരള സർവകലാശാല അറബിക് വിഭാഗം നടത്തി വരുന്ന ഡിപ്ലോമ ഇൻ കമ്മ്യൂണിക്കേറ്റീവ് അറബിക് (ഓൺലൈൻ) 2026 നവംബർ മാസത്തിൽ ആരംഭിക്കുന്ന പന്ത്രണ്ടാമത് ബാച്ചിലേക്കുള്ള അപേക്ഷ ക്ഷണിച്ചു. യോഗ്യത: സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ കമ്മ്യൂണിക്കേറ്റീവ് അറബിക്, പ്രിലിമിനറി അറബിക്, മുൻഷി അറബിക്, അറബിക് ടീച്ചേർസ് എക്സാമിനേഷൻ, ഏതെങ്കിലും ഡിഗ്രി (അറബിക് സെക്കന്റ് ഭാഷയായിരിക്കണം), ഓറിയന്റൽ ടൈറ്റിൽ (ആലിം/ഫാളിൽ). ഫീസ് : 6500 രൂപ, സീറ്റുകൾ: 15, കാലാവധി : 6 മാസം. ഓൺലൈനായി അപേക്ഷിക്കുന്നതിനായി www.arabicku.in വെബ്സൈറ്റ് സന്ദർശിക്കുക. അപേക്ഷിക്കേണ്ട അവസാന തീയതി 2026 നവംബർ 30 തിങ്കൾ വൈകുന്നേരം അഞ്ച് മണി. വിശദവിവരങ്ങൾക്കായി 0471-2308846/9446827141 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

വായന വാരാഘോഷത്തോടനുബന്ധിച്ച് ക്വിസ് മത്സരം സംഘടിപ്പിക്കുന്നു

വായന വാരാഘോഷത്തോടനുബന്ധിച്ച് കേരള സർവകലാശാല ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ നവംബർ 24 ചൊവ്വാഴ്ച രാവിലെ 10 മണിക്ക് ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. മത്സരത്തിൽ വിജയികളാകുന്ന ആദ്യ മൂന്ന് ടീമുകൾക്ക് 'മധുമതി

എൻഡോവ്മെന്റ്' ക്യാഷ് പ്രൈസുകൾ ലഭിക്കുന്നതാണ്. സർവകലാശാല ലൈബ്രറി അംഗത്വമുള്ളവർക്ക് മത്സരത്തിൽ പങ്കെടുക്കാം. പങ്കെടുക്കാൻ താൽപര്യമുള്ളവർ രണ്ട് പേരടങ്ങുന്ന ടീമായി നവംബർ 22 ന് വൈകുന്നേരം 4 മണിക്ക് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷനായി www.kulib.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. കൂടുതൽ വിവരങ്ങൾക്ക് താഴെപ്പറയുന്ന നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ് : 9995558879, 9995876295, 7558017071, 9645959672.

ഉമേഷ് ബി.
പബ്ലിക് റിലേഷൻസ് ഓഫീസർ
E-mail: ku.release@keralauniversity.ac.in